# പുല്ലുവെട്ടാൻ ഒറ്റക്കൈക്ക യന്ത്രം

Deshabhimani 24.12.17

തൃശൂർ> ഒറ്റക്കൈ ഉപയോഗിച്ച് പുല്ലുവെട്ടാൻ കഴിയുന്ന ഒറ്റക്കൈയ്യൻ ബ്രഷ്കട്ടർ, പത്തുകാര്യങ്ങൾ നിർവഹിക്കാൻ കഴിയുന്ന കുടുംബടില്ലർ, റിമോട്ടിൽ പ്രവർത്തിക്കുന്ന ടില്ലർ, തെങ്ങുകയറ്റ യന്ത്രം, തുടങ്ങീ കൃഷിയിടങ്ങളിൽ സഹായമേകുന്ന യന്ത്രങ്ങളുടെ പ്രദർശനം കർഷകർക്ക് വിജ്ഞാനം പകർന്നു. കേരള കാർഷിക സർവകലാശാല കാർഷിക ഗവേഷണകേന്ദ്രത്തിന്റെ നൂറാം വാർഷികത്തോടനുബന്ധിച്ചാണ് കാർഷിക യന്ത്രങ്ങളുടെയും വിത്തുകളുടെയും ചെടികളുടെയും പ്രദർശനം ഒരുക്കിയത്. ഭക്ഷ്യസുരക്ഷാസേന ഗവേഷണവിഭാഗം രൂപകൽപ്പനചെയ്ത നൂതന യന്ത്രങ്ങൾ കർഷകർക്കായി സമർപ്പിച്ചു.



► കേരള കാർഷിക സർവകലാശാല ഗവേഷണകേന്ദ്രം വികസിപ്പിച്ച ഒറ്റക്കൈയൻ പുല്ലുവെട്ടി യന്ത്രം

സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വൈകല്യപഠനകേന്ദ്രത്തിന്റെ സാമ്പത്തിക സഹായത്തോടെ, ശാരീരിക വൈകല്യങ്ങളുള്ളവർക്കുവേണ്ടിയാണ് 'ഒറ്റക്കൈയൻ ബ്രഷ്കട്ടർ' ഗവേഷണകേന്ദ്രം രൂപകൽപ്പന ചെയ്തത്. സെൽഫ്സ്റ്റാർട്ടിങ് സിസ്റ്റം വഴി എൻജിൻ സ്റ്റാർട്ടാക്കാം. ഒരു കൈ ഉപയോഗിച്ച് പുറത്ത് ബാറ്ററി തുക്കിയിട്ട് എളുപ്പം ഉപയോഗിക്കാം.

റിമോട്ടിൽ പ്രവർത്തിക്കുന്ന ടില്ലർ ഭിന്നശേഷിക്കാർക്ക് എളുപ്പം പ്രവർത്തിപ്പിക്കാം. ഒരു കുടുംബത്തിലെ കാർഷിക ആവശ്യങ്ങൾ നിർവഹിക്കാൻ കഴിയുംവിധമാണ് കുടുംബടില്ലർ. തെങ്ങുകയറ്റയന്ത്രവും നാളികേരം വീഴാതിരിക്കാനുള്ള വലയും കർഷകർക്ക് സഹായകമാണ്. തെങ്ങിനു ചുറ്റും സ്വയം ഓടി തടമെടുക്കുന്ന ടില്ലറും പുതുമയായി. ഇത്തരത്തിൽ കാർഷികഗവേഷണകേന്ദ്രം വികസിപ്പിച്ച നിരവധി കാർഷിക യന്ത്രങ്ങൾ പ്രദർശിപ്പിച്ചു.

ഇതോടൊപ്പം കേന്ദ്രം വികസിപ്പിച്ച വിത്തിനങ്ങളും പ്രദർശിപ്പിച്ചു. മണ്ണുത്തിയെന്ന പ്രദേശത്തിന്റെ സൂചകമായി മനുപ്രിയ നെല്ല്, മനുശ്രീ പടവലം, മനുപ്രഭ തക്കാളി, മനുലക്ഷ്മി തക്കാളി എനിവയും എച്ച്എസ് 16 നെല്ല്, ഹ്രസ്വ നെല്ല്, ഹരിത വഴുതന, സൗഭാഗ്യ വെള്ളരി, ഉജ്വല മുളക്, അമ്പിളി മത്തൻ, ഭാഗ്യലക്ഷ്മി കുറ്റിപ്പയർ, വള്ളിപ്പയർ വൈജയന്തി, ചീര അരുൺ തുടങ്ങീ നിരവധി വിത്തുകളും ചെടികളും പ്രദർശിപ്പിച്ചു. നൂറുകണക്കിന് വിദ്യാർഥികൾ പ്രദർശനം കാണാനെത്തി.